**പാലക്കാട് റൈസ് പാർക്ക്**

114(3546) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ഇതിന്റെ ടെൻഡർ നടപടികളുടെ ഭാഗമായി കോയമ്പത്തൂർ ആസ്ഥാനമായുള്ള സി.എ. ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായും ഹൈദ്രാബാദ് ആസ്ഥാനമായുള്ള ശ്രീകോ പ്രോജക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർമ്മാണ കരാറുകാരനായും തെരഞ്ഞെടുത്തു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2022 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

**കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ**

115(3547) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധയെ തുടർന്ന് കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷികാധിഷ്ഠിത വ്യവസായത്തിന് മുന്തിയ പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സംരംഭങ്ങളുമായി മുന്നോട്ടു വരുന്നവരെ ഏതെല്ലാം രീതിയിൽ സഹായിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ &ബി) വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം കാർഷികാധിഷ്ഠിത ഭക്ഷ്യോത്പന്ന നിർമ്മാണ യൂണിറ്റുകളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് പൊതു വിഭാഗത്തിന് നൽകുന്ന സബ്സിഡിക്ക് പുറമേ അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്സിഡി നൽകി വരുന്നു. സംസ്ഥാനത്ത് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ പ്രൈം മിനിസ്റ്റേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാധിഷ്ഠിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് ആകെ പദ്ധതി ചെലവിന്റെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാതലത്തിൽ നടപ്പിലാക്കുന്ന ഒരു ജില്ലാ ഒരു ഉൽപന്നം പദ്ധതി മുഖേന ആരംഭിക്കുന്ന സംരംഭങ്ങൾക്കും നിലവിൽ പ്രവർത്തിക്കുന്ന മറ്റ് ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്കും ഈ സഹായം ലഭ്യമാക്കുന്നു. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യസംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവർക്ക് KIED മുഖേന ഇൻകുബേഷൻ സപ്പോർട്ട് ലഭ്യമാക്കി വരുന്നു. കുട്ടനാട്ടിൽ നെൽകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിലെ പൊതുമേഖല സ്ഥാപനമായ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ ഉടമസ്ഥതയിൽ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധന ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

1. ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
2. കാർഷിക ഭക്ഷ്യ സംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല - മലപ്പുറം.
3. ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ
4. ഭക്ഷ്യ സംസ്കരണ മേഖല, കിൻഫ്ര വ്യവസായ പാർക്ക് - മഴുവന്നൂർ
5. മെഗാ ഫുഡ് പാർക്ക്, പാലക്കാട്

6. സീ-ഫുഡ് പാർക്ക് അരൂർ, ആലപ്പുഴ. കൂടാതെ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിലെ 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിലെ 91.03 ഏക്കർ ഭൂമിയും ഉൾപ്പെടെ 99.98 ഏക്കർ ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**യുവ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് സഹായം**

116(3548) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly